സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004


www.swathanthramandapam.com | വാള്യം: 59 | ലക്കം: 244 | 2025 ജനുവരി 21 ചൊവ്വ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

## 'പല വിഷയങ്ങളും കൈകാര്യം ചെയ്യാൻ എനിക്ക് പറ്റുന്നില്ല'; മാപ്പ് ചോദിക്കുന്നുവെന്ന് നടൻ വിനായകൻ

തൃശൂർ: നടൻ വിനായകൻ ഫ്ളാറ്റിന്റെ ബാൽക്കണിയിൽ നിന്ന് അസഭ്യം പറയുന്നതിന്റെയും നഗ്നതാ പ്രദർശനം നടത്തുന്നതിന്റെയും വീഡിയോ കഴിഞ്ഞ ദിവസം സോഷ്യൽ മീഡിയയിൽ പ്രചരിച്ചിരുന്നു. അയൽവാസികളോടെ അപമര്യാദയായി പെരുമാറി എന്ന തരത്തിലാണ് വീഡിയോ പ്രചരിച്ചത്. ഇപ്പോഴിതാ സംഭവത്തിൽ പൊതു സമൂഹത്തോട് മാപ്പ് പറഞ്ഞ് രംഗത്തെത്തിയിരിക്കുകയാണ് നടൻ. തന്റെ സോഷ്യൽ മീഡിയ പേജിലൂടെയാണ് നടന്റെ പ്രതികരണം. സിനിമ നടൻ എന്ന നിലയിലും വ്യക്തി എന്ന നിലയിലും പല വിഷയങ്ങളും കൈകാര്യം ചെയ്യാൻ തനിക്ക് പറ്റുന്നില്ലെന്നും തന്റെ ഭാഗത്ത് നിന്ന് ഉണ്ടായ എല്ലാ നെഗറ്റീവ് എനർജിക്കും പൊതുസമൂഹത്തോട് മാപ്പ് ചോദിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

## കാപ്പിറ്റോൾ ആക്രമണത്തിൽ കുറ്റാരോപിതരായ 1,500 ലധികം പേർക്ക് മാപ്പ് നൽകി ട്രംപ്



വാഷിങ്ടൺ: പ്രസിഡന്റായി സ്ഥാനമേറ്റെടുത്തതിന് പിന്നാലെ 2021 ജനുവരി ആറിലെ കാപ്പിറ്റോൾ ആക്രമണത്തിൽ കുറ്റാരോപിതരായ 1,500-ലധികം പേർക്ക് മാപ്പ് നൽകി ഡൊണാൾഡ് ട്രംപ്. കാപ്പിറ്റോൾ കലാപവുമായി ബന്ധപ്പെട്ട് ശിക്ഷിക്കപ്പെട്ടവരോ കുറ്റാരോപിതരോ ആയവർക്കാണ് ട്രംപ് മാപ്പ് നൽകുകയോ ശിക്ഷ ഇളവ് നൽകുകയോ ചെയ്തത്.

തീവ്രവലതുപക്ഷ ഗ്രൂപ്പുകളായ പ്രൗഡ് ബോയ്സ്, ഓത്ത് കീപ്പേഴ്സ് എന്നീ സംഘടനകളുടെ നേതാക്കൾ ഉൾപ്പെടെയുള്ളവർക്കാണ് മാപ്പ് നൽകിയിരിക്കുന്നത്. കലാപത്തിൽ കുറ്റാരോപിതരായ പ്രതികൾക്കെതിരായ എല്ലാ കേസുകളും പിൻവലിക്കാൻ നീതിന്യായ വകുപ്പിനോട് നിർദ്ദേശിക്കുന്ന ഉത്തരവിലും ട്രംപ് ഒപ്പുവച്ചു.

തിങ്കളാഴ്ച വൈകുന്നേരം ഓവൽ ഓഫീസിൽ നടന്ന ചടങ്ങിൽ, മാപ്പ് നൽകപ്പെട്ട പ്രതികളുടെ പട്ടിക ട്രംപ് പ്രദർശിപ്പിച്ചു. 'ഇവരാണ് ആ ബന്ദികൾ. ഏകദേശം 1,500 പേർക്ക് മാപ്പ് നൽകുന്നു. പൂർണ്ണ മാപ്പ്. ഇത് ഒരു വലിയ കാര്യമാണ്.- ട്രംപ് പറഞ്ഞു. ഈ ആളുകളോട് ചെയ്തത് അതിരുകടന്നതാണെന്നും നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിൽ ഇതുപോലൊന്ന് അപൂർവമായി മാത്രമേ ഉണ്ടായിട്ടുള്ളൂ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

യു.എസിന്റെ രാഷ്ട്രീയ ചരിത്രത്തിലെ കറുത്തദിനമായാണ് 2021 ജനുവരി ആറിനെ വിശേഷിപ്പിക്കുന്നത്. പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ജോ ബൈഡൻ നേടിയ വിജയം അംഗീകരിക്കാത്ത ഡൊണാൾഡ് ട്രംപ് അനുകൂലികൾ യു. എസ്. പാർലമെന്റായ കാപിറ്റോളിൽ ഇരച്ചെത്തി ആക്രമണമഴിച്ചുവിടുകയായിരുന്നു. ജോ ബൈഡന്റെ തിരഞ്ഞെടുപ്പ് വിജയം സാക്ഷ്യപ്പെടുത്താൻ നിയമസഭാംഗങ്ങൾ യോഗം ചേർന്നതിന് പിന്നാലെയായിരുന്നു ആക്രമണം.

കലാപവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് ഏകദേശം 1,583 പ്രതികൾക്കെതിരെ കേസെടുത്തിട്ടുണ്ടെന്നാണ് ഔദ്യോഗിക കണക്കുകൾ കണക്കുൾ ഉദ്ധരിച്ച് ബിബിസി റിപ്പോർട്ട് ചെയ്തത്.

നിയമപാലകരെ ആക്രമിച്ചതിന് 600-ലധികം പേർക്കെതിരേയും മാരകമോ അപകടകരമോ ആയ ആയുധം ഉപയോഗിച്ചതിന് ഏകദേശം 175 പേർക്കെതിരേയും കേസെടുത്തിരുന്നു.

## നടൻ കൂട്ടിക്കൽ ജയചന്ദ്രനെതിരെ ലുക്ക് ഔട്ട് നോട്ടിസ്

കോഴിക്കോട്: പോക്സോ കേസിൽ നടൻ കൂട്ടിക്കൽ ജയചന്ദ്രനെതിരെ ലുക്ക് ഔട്ട് നോട്ടിസ്. കോഴിക്കോട് കസബ പൊലീസ് ആണ് ലുക്ക് ഔട്ട് നോട്ടിസ് ഇറക്കിയത്. നാലു വയസ്സുകാരിയെ പീഡിപ്പിച്ച കേസിലാണ് നോട്ടിസ്. നേരത്തെ കൂട്ടിക്കൽ ജയചന്ദ്രൻറെ മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി തള്ളിയിരുന്നു. ജയചന്ദ്രൻ ഇപ്പോഴും ഒളിവിലാണ്.

ജൂൺ 8 നാണ് 4 വയസ്സുകാരിയെ പീഡിപ്പിച്ചെന്ന പരാതിയിൽ കസബ പൊലീസ് കൂട്ടിക്കൽ ജയചന്ദ്രനെതിരെ പോക്സോ കേസെടുത്തത്. കുട്ടിയുടെ ബന്ധു ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് മുഖേന നൽകിയ പരാതി പൊലീസിനു കൈമാറുകയായിരുന്നു.

## കാലുമാറ്റത്തെ അംഗീകരിക്കണമെന്നാണോ, സ്ഥാനം രാജിവെച്ചുവേണ്ടേ പാർട്ടിമാറാൻ

# കലാരാജുവിനെതിരേ മുഖ്യമന്ത്രി



കൊച്ചി: കൂത്താട്ടുകുളത്തെ സി.പി.എം. വനിതാ കൗൺസിലർ കലാ രാജുവിനെ തട്ടിക്കൊണ്ടുപോയ സംഭവത്തിൽ സഭ നിർത്തിവെച്ച് സംസാരിക്കേണ്ടതില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കലാ രാജുവിനെ മാറ്റിയെടുക്കാനുള്ള ശ്രമവും അതിനുള്ള നീക്കവും നടത്തി. കാലുമാറ്റത്തെ അതേ രീതിയിൽ അംഗീകരിച്ചുകൊടുക്കാൻ കഴിയുമോ? കാലുമാറ്റത്തെ പ്രോത്സാഹിപ്പിക്കുന്ന അന്തരീക്ഷം പരാജയപ്പെടുത്തുകയാണ് വേണ്ടതെന്നും മുഖ്യമന്ത്രി സഭയിൽ പറഞ്ഞു.

കലാരാജുവിനെ പോലീസ് ഒത്താശയോടെ തട്ടിക്കൊണ്ടുപോയ സംഭവം സഭ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് അനൂപ് ജേക്കബ് എം.എൽ.എ. ആവശ്യപ്പെട്ടതിനു പിന്നാലെയായിരുന്നു മുഖ്യമന്ത്രിയുടെ പ്രതികരണം. ഇക്കാര്യത്തിൽ അടിയന്തര പ്രമേയം അവതരിപ്പിക്കാൻ അനൂപ് നേരത്തേ സ്പീക്കർക്ക് അപേക്ഷ നൽകുകയും ചെയ്തിരുന്നു.

ക്രമസമാധാന പ്രശ്നമുണ്ടായാൽ പോലീസ് ശക്തമായ നടപടികൾ സ്വീകരിക്കും. ജനാധിപത്യത്തിന് നിരക്കാത്ത കാലുമാറ്റത്തിന് പ്രോത്സാഹനം നൽകിയത് ഗൗരവതരമായ കാര്യമാണ്. കലാ രാജുവിന് ചില പരാതികളുണ്ടായിട്ടുണ്ട്. അതിൽ പോലീസ് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുമുണ്ടെന്നും മുഖ്യമന്ത്രി സഭയിൽ അറിയിച്ചു. മുഖ്യമന്ത്രിയുടെ പ്രതികരണത്തിനു പിന്നാലെ സ്പീക്കർ എ.എൻ. ഷംസീർ സഭ നിർത്തിവയ്ക്കേണ്ടതില്ലെന്ന നിലപാടെടുത്തു.

## പ്രവാസിയെ തേടിയെത്തിയത് 10 കോടിയുടെ ബംബർ



ചണ്ഡീഗഢ്: പത്ത് കോടിയുടെ ലോട്ടറി സമ്മാനം സ്വന്തമാക്കി 55കാരൻ. കുവൈത്തിൽ ട്രക്ക് ഡ്രൈവറായി ജോലി ചെയ്യുന്ന ഹർപീന്ദർ സിംഗിനെ തേടിയാണ് ഇത്തവണ ഭാഗ്യദേവത എത്തിയിരിക്കുന്നത്. പഞ്ചാബിലെ ബർവ സ്വദേശിയാണ് ഹർപീന്ദർ സിംഗ്. പഞ്ചാബ് സർക്കാരിന്റെ ഈ വർഷത്തെ ലോഹ്രി മകർ സംക്രാന്തി ബംബർ ലോട്ടറിയുടെ നറുക്കെടുപ്പിലാണ് അദ്ദേഹത്തിന് ഭാഗ്യം തെളിഞ്ഞത്.

അടുത്തിടെ നാട്ടിലെത്തിയ ഹർപീന്ദർ സിംഗ് നൂർപുർ ബന്ദിയിൽ നിന്ന് 500 രൂപ മുടക്കിയാണ് ലോട്ടറി ടിക്കറ്റ് വാങ്ങിയത്. തനിക്ക് ലഭിച്ച ഭാഗ്യം അപ്രതീക്ഷിതമായി കടന്നുവന്നതാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ലോട്ടറി ടിക്കറ്റ് വാങ്ങിയ കടയിലേക്ക് ഹർപീന്ദർ സിംഗ് മകനായ ദാവീന്ദർ സിംഗിനോടൊപ്പമാണ് എത്തിയത്. അച്ഛനും മകനും പരസ്പരം മധുരം പങ്കിടുന്ന ചിത്രങ്ങളും പുറത്തുവന്നിട്ടുണ്ട്.

'കുവൈത്തിൽനിന്ന് നാട്ടിൽ എത്തുമ്പോഴെല്ലാം ലോട്ടറി ടിക്കറ്റുകൾ വാങ്ങുമായിരുന്നു. ഇപ്പോഴെടുത്ത ടിക്കറ്റിന് സമ്മാനം ലഭിക്കുമെന്ന് കരുതിയില്ല. മകന് 2023ൽ ഒരു അപകടം സംഭവിച്ചിരുന്നു. നടക്കാൻ ഇപ്പോഴും ബുദ്ധിമുട്ടുണ്ട്. കുടുംബത്തിൽ സാമ്പത്തിക ബാധ്യതകളും ഉണ്ട്, ഈ പണത്തിന്റെ ഒരു ഭാഗം ബാധ്യതകൾ പരിഹരിക്കാൻ വിനിയോഗിക്കും. കൂടാതെ കുറച്ച് പണം ബിസിനസിൽ നിക്ഷേപിക്കേണ്ടതുണ്ട്. കുറച്ച് ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യണം. വിവരം അറിഞ്ഞതോടെ കുടുംബം വലിയ സന്തോഷത്തിലാണ്'- ഹർപീന്ദർ സിംഗ് മാധ്യമങ്ങളോട് പറഞ്ഞു.

## 60% കെട്ടിടങ്ങളും തകർന്നു, തെരുവുകളിൽ മൃതദേഹങ്ങൾ

ടെൽ അവീവ്: 15മാസത്തെ രക്തച്ചൊരിച്ചിലിനും അശാന്തിക്കും താത്കാലിക ആശ്വാസമായി വെടിനിർത്തൽ പ്രാബല്യത്തിൽ വന്നതോടെ ഗാസയിൽ നാശനഷ്ടത്തിന്റെ വ്യാപ്തി കണക്കാക്കുകയാണ് രക്ഷാപ്രവർത്തകർ. പതിനായിരത്തിലധികം മൃതദേഹങ്ങൾ ഇപ്പോഴും കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ ഉള്ളതായി ഭയപ്പെടുന്നുവെന്ന് ഗാസ സിവിൽ ഡിഫൻസ് ഏജൻസി ആശങ്ക പ്രകടിപ്പിച്ചു.

100 ദിവസത്തിനകം ഈ മൃതദേഹങ്ങൾ കണ്ടെടുക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ഗാസ സിവിൽ ഡിഫൻസ് ഏജൻസി വക്താവ് മഹ്മൂദ് ബാസൽ അറിയിച്ചു. എന്നാൽ മണ്ണുമാന്തി യന്ത്രങ്ങൾ ഉൾപ്പടെയുള്ള ഉപകരണങ്ങളുടെ ലഭ്യതക്കുറവ് കാരണം ദൗത്യം വൈകാൻ സാധ്യതയുണ്ടെന്നും അദ്ദേഹം പറഞ്ഞു. തെരുവുകളിലെ എല്ലാ കെട്ടിടാവശിഷ്ടങ്ങൾക്കുള്ളിലും മൃതദേഹങ്ങളുണ്ടെന്നാണ് സിവിൽ ഡിഫൻസ് ജീവനക്കാർ അറിയിക്കുന്നത്.

ഗാസയിലുള്ള 60 ശതമാനം കെട്ടിടങ്ങൾ തകർക്കപ്പെടുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്തതായി യു.എൻ നേരത്തേ കണക്കാക്കിയിരുന്നു. യു.എൻ വേൾസ് ഫുഡ് പ്രോഗ്രാമിന്റെ കണക്കനുസരിച്ച്, യുദ്ധം 20 ലക്ഷത്തിലധികം ഗാസക്കാരെ ഭവനരഹിതരാക്കി എന്നാണ് പറയുന്നത്. വരുമാനം ഇല്ലാതെ, ഭക്ഷണത്തിന് പൂർണമായും സഹായം തേടേണ്ട അവസ്ഥയിലാണ് ഗാസയിലെ ജനങ്ങൾ.

വെടിനിർത്തലിന് പിന്നാലെ 670 ട്രക്കുകൾ ഗാസയിലേക്ക് പ്രവേശിച്ചതായി യുഎൻ അറിയിച്ചു.സഹായ സാമഗ്രികളുൾപ്പെടെയുള്ളയാണ് ട്രക്കുകളിലുള്ളത്. വെടിനിർത്തൽ കരാറിനെ പ്രതീക്ഷയുടെ കിരണമായി കാണുന്നുവെന്നും സ്വാഗതം ചെയ്യുന്നുവെന്നും തിങ്കളാഴ്ച യുഎൻ സെക്യൂരിറ്റി കൗൺസിലിൽ സംസാരിക്കവെ, സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് പറഞ്ഞിരുന്നു.

ആദ്യഘട്ട വെടിനിർത്തലിനുപിന്നാലെ, 33 ബന്ദികളിൽ മൂന്നു പേരെ ഹമാസ് ഞായറാഴ്ച വിട്ടയച്ചിരുന്നു. ബാക്കിയുള്ളവരെ ഘട്ടം ഘട്ടമായി മോചിപ്പിക്കും.

15 മാസം നീണ്ട യുദ്ധത്തിൽ, 46900 പേർ മരിക്കുകയും 110700 പേർക്ക് പരിക്കേറ്റെന്നുമാണ് പലസ്തീൻ ആരോഗ്യ മന്ത്രാലയം കണക്കാക്കുന്നത്. മോചിപ്പിക്കപ്പെടുന്ന ബന്ദികളുടെ പട്ടിക ഹമാസ് പുറത്തുവിട്ടതോടെ ഞായറാഴ്ചയാണ് വെടിനിർത്തൽ കരാർ നിലവിൽവന്നത്. ഖത്തർ, യു.എസ്., ഈജിപ്ത് എന്നീ മധ്യസ്ഥരാജ്യങ്ങളുടെ ശ്രമഫലമായുണ്ടായ വെടിനിർത്തൽ കരാർ വെള്ളിയാഴ്ച വൈകിയാണ് ഇസ്രയേൽ മന്ത്രിസഭ അംഗീകരിച്ചത്.

## 'എന്ത് തെമ്മാടിത്തരമാണ് ഇവിടെ നടക്കുന്നത്, എന്തും ചെയ്യാമെന്നാണോ'; പ്രകോപിതനായി പ്രതിപക്ഷ നേതാവ്



തിരു : പ്രതിപക്ഷ നേതാവിന്റെ പ്രസംഗത്തിനിടയിൽ സഭയിൽ ഭരണപക്ഷ ബഹളം. കൂത്താട്ടുകുളം വിഷയത്തിൽ പ്രതിപക്ഷനേതാവ് വി ഡി സതീശൻ രൂക്ഷവിമർശനം ഉയർത്തിയതിന് പിന്നാലെയായിരുന്നു ബഹളം. പ്രകോപിതനായി പ്രതിപക്ഷ നേതാവ് എന്ത് തെമ്മാടിത്തരമാണ് ഇവിടെ നടക്കുന്നതെന്നും എന്തും ചെയ്യാമെന്നാണോയെന്നും ചോദിച്ച് കയ്യിലെ പേപ്പർ വലിച്ചെറിഞ്ഞ് സീറ്റിലിരുന്നു.

ആലപ്പുഴ ജില്ലാ സമ്മേളനത്തിൽ നടത്തിയ സ്ത്രീ സുരക്ഷയെ കുറിച്ചുള്ള പരാമർശത്തിൽ മുഖ്യമന്ത്രി ഉറച്ചുനിൽക്കുമെന്നാണ് കരുതിയത്. പക്ഷേ അദ്ദേഹം ക്രിമിനലുകളെ ന്യായീകരിക്കുകയാണ്. മുഖ്യമന്ത്രിയുടെ വാക്കിനും പഴയ ചാക്കിനും ഒരേവിലയാണെന്നാണ് മറുപടിയിൽ പുറത്തുവന്നത്. കേരളത്തിൽ എത്രയോ പഞ്ചായത്തുകളിൽ അങ്ങോട്ടും ഇങ്ങോട്ടും കാലുമാറിയിരിക്കുന്നു. അവരെയൊക്കെ തട്ടിക്കൊണ്ടുപോകുകയാണോ. കാർ ഓടിച്ചത് ഡിവൈഎഫ്ഐ അംഗമാണ്. പുതു തലമുറയെ ഇത്തരം കാര്യങ്ങൾ ചെയ്യാനാണോ നിങ്ങൾ പ്രോത്സാഹിപ്പിക്കുന്നത്. ക്രമിനലുകളെ വളർത്തുകയാണോ. ഇതാണോ നീതിബോധം. വിഡി സതീശൻ ചോദിച്ചു.

ഇതോടെ സഭയിൽ ഭരണപക്ഷം ബഹളം കടുപ്പിച്ചു. ഇതിൽ പ്രകോപിതനായി എന്ത് തെമ്മാടിത്തരമാണ് ഇവിടെ നടക്കുന്നതെന്നും എന്തും ചെയ്യാമെന്നാണോയെന്നും ചോദിച്ച് പ്രതിപക്ഷനേതാവ് സീറ്റിലിരുന്നു.

പരിഷ്കൃത സമൂഹമാണ് നമ്മുടെതെന്നും കാക്കിയിട്ടുക്കൊണ്ട് ഇതിനൊക്കെ കൂട്ടുനിൽക്കാമോയെന്നും പ്രതിപക്ഷ നേതാവ് ചോദിച്ചു. സ്പീക്കർ വിലക്കിയിട്ടും ഭരണപക്ഷ അംഗങ്ങൾ വീണ്ടും ബഹളംവെച്ചു. ഇതോടെ പ്രതിപക്ഷ അംഗങ്ങൾ പ്രതിഷേധിച്ചു. കൗരവസഭയിൽ ഇതുണ്ടായപ്പോൾ അന്ന് ദുശ്ശാസനനായിരുന്നു. ഇന്ന് സഭയിൽ ഭരണപക്ഷം ബഹളംവെക്കുമ്പോൾ നിങ്ങൾ ചരിത്രത്തിൽ അഭിനവ ദുശ്ശാസനൻമാരാകുകയാണെന്ന് മറക്കണ്ടെന്നും അദ്ദേഹം പറഞ്ഞു.

## ആശുപത്രിയിലെ അഴിഞ്ഞാട്ടം: പ്രതി പിടിയിൽ

കൊല്ലം: കടയ്ക്കൽ താലൂക്കാശുപത്രിയിൽ ആക്രമണം നടത്തുകയും ജീവനക്കാരെ പരുക്കേൽപ്പിക്കുകയും ചെയ്ത പ്രതിയെ പൊലീസ് പിടികൂടി. കഴിഞ്ഞമാസം മദ്യലഹരിയിലായിരുന്നു പ്രതിയുടെ ആക്രമണം. കടയ്ക്കൽ താലൂക്കാശുപത്രിയിലെ നഴ്സിങ് അസിസ്റ്റൻറിനെ ആക്രമിക്കുകയും ആശുപത്രി ഉപകരണങ്ങൾ നശിപ്പിക്കുകയും ചെയ്ത കേസിൽ വർക്കല പുല്ലാഞ്ഞികോട് സ്വദേശി വിനീതിനെയാണ് അറസ്റ്റ് ചെയ്തത്. ഡിസംബർ 24 ന് രാത്രി ഒരുമണിക്കായിരുന്നു കേസിന് ആസ്പദമായ സഭവം നടന്നത്. നിലമേൽ കൈതോടുള്ള ബന്ധുവീട്ടിൽ വച്ച് പ്രതി മദ്യലഹരിയിൽ മറിഞ്ഞുവീഴുകയും ശരീരത്തിൽ പരുക്കേൽക്കുകയും ചെയ്തു. തുടർന്ന് ചികിൽസയ്ക്ക് വേണ്ടി താലൂക്കാശുപത്രിയിൽ എത്തിയപ്പോഴാണ് ജീവനക്കാരെ ആക്രമിച്ചത്.

## ഛത്തീസ്ഗഢ്–ഒഡിഷ അതിർത്തിയിൽ ഏറ്റുമുട്ടൽ; 14 മാവോവാദികളെ വധിച്ചു



റായ്പുർ: ഛത്തീസ്ഗഢ്-ഒഡിഷ അതിർത്തിയിൽ ഗരിയാബാദിലുണ്ടായ ഏറ്റുമുട്ടലിൽ 14 മാവോവാദികളെ സുരക്ഷാസേന വധിച്ചു. ഓപ്പറേഷൻ ഗ്രൂപ്പ്, സി.ആർ.പി.എഫ് എന്നീ സേനകൾ സംയുക്തമായി നടത്തിയ ദൗത്യത്തിലാണ് മാവോവാദികൾ കൊല്ലപ്പെട്ടത്. സെൻട്രൽ കമ്മിറ്റിയിലെ മുതിർന്ന അംഗവും മാവോവാദി നേതാവുമായ ചലപതി അടക്കമുള്ളവരാണ് കൊല്ലപ്പെട്ടത് എന്നാണ് പോലീസ് നൽകുന്ന വിവരം. ചലപതിയുടെ തലയ്ക്ക് ഒരുകോടി രൂപ സുരക്ഷാസേന വിലയിട്ടിരുന്നു.

ഇന്ന് പുലർച്ചെയാണ് ഏറ്റുമുട്ടലുണ്ടായത്. ഇരു സംസ്ഥാനങ്ങളിലേയും പോലീസ്, ഛത്തീസ്ഗഡിലെ കോബ്ര കമാൻഡോകൾ, ഒഡിഷ സ്പെഷ്യൽ

ജനുവരി 16ന്, ഛത്തീസ്ഗഡിലെ ബിജാപുർ ജില്ലയുടെ തെക്കൻ ഭാഗത്തുള്ള വനത്തിൽ സംയുക്ത സുരക്ഷാസേനയുമായുള്ള ഏറ്റുമുട്ടലിൽ 12 മാവോവാദികൾ കൊല്ലപ്പെട്ടിരുന്നു. ജനുവരി 12ന് 3മാവോവാദികൾ കൊല്ലപ്പെട്ടതാണ് ഇതിന് തൊട്ടുമുമ്പുണ്ടായ സംഭവം. ജനുവരി 9, 6 തിയ്യതികളിലും എൻകൗണ്ടറുകളിൽ മാവോവാദികൾ കൊല്ലപ്പെട്ടിരുന്നു.

## 'സ്ത്രീകളും പുരുഷന്മാരും ഇടകലർന്നുള്ള ഏത് പദ്ധതി കൊണ്ടുവന്നാലും എതിർക്കും': കാന്തപുരം




കോഴിക്കോട്: മെക് സെവൻ കൂട്ടായ്മകൾക്കെതിരെയുള്ള വിവാദ പ്രസ്താവന ആവർത്തിച്ച് കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാർ. കഴിഞ്ഞ ദിവസം കുറ്റ്യാടിയിൽ നടത്തിയ പ്രസംഗത്തിലാണ് അദ്ദേഹം തന്റെ നിലപാട് വീണ്ടും ആവർത്തിച്ചത്. വിശ്വാസ സംരക്ഷണമാണ് പ്രധാനം എന്നതിൽ ഉറച്ചുനിന്നുകൊണ്ടാണ് അബൂബക്കർ മുസ്ലിയാർ തന്റെ നിലപാടിനെ ന്യായീകരിച്ചത്. സ്ത്രീകളും പുരുഷന്മാരും ഇടകലർന്നുള്ള ഏത് പദ്ധതി കൊണ്ടുവന്നാലും എതിർക്കും. യാഥാസ്ഥിതികരെന്ന് വിമർശിച്ചാലും പ്രശ്നമില്ല. ലോകം തിരിയാത്തത് കൊണ്ട് പറയുന്നതുമല്ല. നന്നായി മനസിലാക്കിയാണ് ഇക്കാര്യം പറയുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

മലപ്പുറം കിഴിശ്ശേരിയിൽ നടന്ന പരിപാടിയിലും മെക് സെവൻ കൂട്ടായ്മകൾക്കെതിരെ അബൂബക്കർ മുസ്ലിയാർ വിമർശനം ഉന്നയിച്ചിരുന്നു. വ്യായാമം എന്ന പേരിൽ എല്ലാ കുഗ്രാമങ്ങളിലും ടൗണുകളിലും മെക് സെവൻ സദസൊരുക്കുന്നു. ചെറുപ്പക്കാരികളായ സ്ത്രീകളും പുരുഷൻമാരും ഒരുമിച്ച് കൂടുന്നതിന് ഒരു പ്രശ്നവുമില്ലെന്നാണ് അവർ പഠിപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

അന്യപുരുഷൻമാരും സ്ത്രീകളും ഇടകലർന്നു കൊണ്ടിരിക്കുന്നു. സ്ത്രീകൾ അവരുടെ ശരീരം പോലും തുറന്നുകൊണ്ട് വ്യായാമത്തിൽ ഏർപ്പെടുന്നു. സ്ത്രീയും പുരുഷനും നോക്കുന്നതും കാണുന്നതും ഹറാമാണെന്ന ധാരണ പോലും ഇല്ലാതാക്കി നാശങ്ങളും നഷ്ടങ്ങളും ഇവിടെ വരുത്തിക്കൊണ്ടിരിക്കുന്നു. തെറ്റു ചെയ്യുന്നതിൽ ഒരു മടിയുമില്ല എന്ന സ്ഥിതിയാണുണ്ടാകുന്നത്. ഇസ്ലാം മതത്തിൽ നിന്ന് ആളുകളെ അകറ്റുകയാണ് ഇപ്പോൾ ചെയ്യുന്നത്. പണ്ട് പുരുഷൻമാരെ കാണുന്നതും സംസാരിക്കുന്നതും നിബന്ധനകളോടെയാണെന്ന ഇസ്ലാം നിയമത്തെ കുറിച്ച് സ്ത്രീകൾക്ക് ബോധമുണ്ടായിരുന്നു. ഈ മറ എടുത്തുകളഞ്ഞ് ചെറുപ്പക്കാരികളായ സ്ത്രീകളും പുരുഷൻമാരും ഒരുമിച്ച് കൂടുന്നതിന് ഒരു പ്രശ്നവുമില്ലെന്നാണ് ഇപ്പോൾ പഠിപ്പിക്കുന്നത്. വമ്പിച്ച നാശമാണ് ഇത് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഹറാമായ വഴിയിലേക്ക് ചെറുപ്പക്കാരെ തിരിച്ചുവിടുകയാണ് മെക് സെവൻ എന്നും അദ്ദേഹം ആരോപിച്ചിരുന്നു.

## തൃണമൂലിന് 612 കോടി, ബി ആർ എസിന് 495 കോടി; ഇലക്ടറൽ ബോണ്ടിൽ നേട്ടം കൊയ്ത് പ്രാദേശിക പാർട്ടികൾ



ന്യൂഡൽഹി: 2023-24 സാമ്പത്തികവർഷത്തിൽ ഇലക്ടറൽ ബോണ്ടുകൾവഴിയുള്ള കണക്കുകൾ പുറത്തുവിട്ട് തിരഞ്ഞെടുപ്പ് കമ്മീഷൻ. പ്രാദേശികപാർട്ടികൾക്ക് ബോണ്ട് വഴി കിട്ടിയ തുകയാണ് പുറത്തുവന്നത്. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ പുറത്തുവിട്ട വാർഷിക റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്. 2024 ഫെബ്രുവരി 15ന് ഇലക്ടറൽ ബോണ്ടുകൾ സുപ്രീം കോടതി റദ്ദാക്കിയിരുന്നു. അതിനുമുമ്പ് വിവിധ കക്ഷികൾക്ക് ലഭിച്ച സംഭാവനകളുടെ കണക്കാണ് തിരഞ്ഞെടുപ്പ് കമ്മിഷൻ പ്രസിദ്ധീകരിച്ചത്.ഏറ്റവുമധികം തുക ലഭിച്ചിരിക്കുന്നത് മമത ബാനർജി നേതൃത്വം നൽകുന്ന തൃണമൂൽ കോൺഗ്രസിനാണ്- 612.4 കോടി രൂപ. 2023 മാർച്ച് 31നും 2024 ഫെബ്രുവരി 15 നും ഇടയിലുള്ള കാലയളവിൽ ലഭിച്ച തുകയാണിത്.

495.5 കോടി രൂപ ലഭിച്ച ബി.ആർ.എസും 245.5 കോടി രൂപ ലഭിച്ച ബി.ജെ.ഡിയും പട്ടികയിൽ തൊട്ടുപിന്നിലുണ്ട്. ടി. ഡി. പിക്ക് 174.1 കോടിയും വൈ. ആർ.എസ് കോൺഗ്രസ് പാർട്ടിയ്ക്ക് 121.5 കോടിയും ഡി.എം. കെ ക്ക് 60 കോടിയും ജെ.എം. എമ്മിന് 11.5 കോടിയും സിക്കിം ഡിമോക്രാറ്റിക് ഫ്രണ്ടിന് 5.5 കോടിയും ഇലക്ടറൽ ബോണ്ട് വഴി ലഭിച്ചതായാണ് തിരഞ്ഞെടുപ്പ് കമ്മിഷന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്.

അതേസമയം കോൺഗ്രസും ബിജെപിയും കണക്കുകൾ ഇതുവരെ നൽകിയിട്ടില്ല. ഇവരുടെ കണക്കുകൾ കൂടി ലഭിക്കുമ്പോൾ ഇലക്ടറൽ ബോണ്ടിൽ കൂടുതൽ വ്യക്തത കൈവരും. ഇലക്ടറൽ ബോണ്ടിനെ ആദ്യം എതിർത്ത പാർട്ടികളാണ് ഇപ്പോൾ അതിൽ നേട്ടമുണ്ടാക്കിയതെന്നതാണ് ശ്രദ്ധേയം. അത് റദ്ദാക്കുന്നതുവരെ ഈ രീതിയിൽ പാർട്ടികൾ പരമാവധി സംഭാവനകൾ സ്വീകരിച്ചിരുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

തൃണമൂൽ കോൺഗ്രസിന്റെ ആകെ വരുമാനത്തിന്റെ 95 ശതമാനവും ഇലക്ടറൽ ബോണ്ടിലൂടെയാണെന്നാണ് തിരഞ്ഞെടുപ്പ് കമ്മിഷൻ റിപ്പോർട്ട്. ബി.ആർ.എസിന്റെ വരുമാനത്തിന്റെ 72 ശതമാനവും ബി.ജെ.ഡിയുടെ വരുമാനത്തിന്റെ 82 ശതമാനവും ടി.ഡി.പിയുടെ വരുമാനത്തിന്റെ 61 ശതമാനവും വൈ.ആർ.എസ്. കോൺഗ്രസ് പാർട്ടിയുടെ 64 ശതമാനവും ഡി.എം.കെയുടെ വരുമാനത്തിന്റെ 33 ശതമാനവും ജെ.എൻ.എമ്മിന്റെ വരുമാനത്തിന്റെ 73 ശതമാനവും ഇലക്ടറൽ ബോണ്ടുകളുടെ സംഭാവനയാണ്.

2023-24 സാമ്പത്തികവർഷത്തിലെ വരുമാനക്കണക്കുകൾ പുറത്തുവിട്ട 4ദേശീയ പാർട്ടികളിൽ ആം ആദ്മി പാർട്ടി (എ.എ.പി.) മാത്രമാണ് അതിൽ ഇലക്ടറൽ ബോണ്ടിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്. ഇക്കാലയളവിൽ തങ്ങൾക്ക് ലഭിച്ച 10.1 കോടി രൂപ ബോണ്ടുകൾ- ട്രസ്റ്റുകൾ എന്നിവ വഴിയുള്ള സംഭാവനകളാണെന്നാണ് എ.എ.പി. അറിയിച്ചിരിക്കുന്നത്. എ.എ.പിയുടെ ആകെ വരുമാനത്തിന്റെ 44 ശതമാനം വരുമിത്. 2022-23 കാലത്ത് തൃണമൂൽ കോൺഗ്രസിന് ഇലക്ടറൽ ബോണ്ട് വഴി ലഭിച്ച സംഭാവനയിൽ 2023-24 കാലമെത്തുമ്പോൾ 88 ശതമാനം വർധനവുണ്ടായതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. മറ്റുള്ള കക്ഷികളുടെ കണക്കുകളും വ്യത്യസ്തമല്ല. ബി.ജെ.ഡി.-61 ശതമാനം, വൈ.ആർ.എസ്. കോൺഗ്രസ് പാർട്ടി-133 ശതമാനം, ടി.ഡി.പി.- 412 ശതനമാനം, ജെ.എൻ.എം.- 858 ശതമാനം ഇത്തരത്തിലാണ് കണക്കുകൾ.

9–ാം ചരമവാർഷികം

1–ാം ചരമവാർഷികം



ടി കെ രാമകൃഷ്ണൻ
DTO (Rtd.)
തച്ചുപറമ്പിൽ, എറവക്കാട്



കെ എൻ മാലതി
W/o. T.K. Ramakrishnan)
തച്ചുപറമ്പിൽ, എറവക്കാട്

സ്നേഹസ്മരണകളോട

മക്കൾ

1. പ്രിൻസ് രാമകൃഷ്ണൻ, Court Staff (Rtd.)
2. അഡ്വ. പ്രകാശ് തച്ചുപറമ്പിൽ
3. പ്രസൂൺ ടി ആർ (മാനേജർ കേരള ബാങ്ക് )
4. പ്രിയ രാധാകൃഷ്ണൻ, പാടൂക്കാട്
5. വിദ്യ ഗോപിനാഥൻ, പോട്ടോർ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# ഗാർബേജ് ഫ്രീ സിറ്റിക്കായി തൃശൂർ നഗരം ഒരുങ്ങി



തൃശൂർ: കോർപ്പറേഷൻ സീറോ വേസ്റ്റ് കോർപ്പറേഷൻ പദ്ധതിയും സംസ്ഥാന സർക്കാരിന്റെ മാലിന്യമുക്ത നവകേരള പദ്ധതിയും സംയുക്തമായി നിരവധി മാലിന്യമുക്ത പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ ആദ്യ മാലിന്യമുക്ത നഗരമായി തൃശൂർ കോർപ്പറേഷൻ അറിയപ്പെടുക എന്നതാണ് ഈ കൗൺസിലിന്റെ ലക്ഷ്യം. ഈ മേഖലയിൽ തൃശൂർ കോർപ്പറേഷൻ നടപ്പിലാക്കിയ വിവിധ സ്ഥലങ്ങളും മലമൂത്ര വിസർജ്ജനം നടത്തിയിരുന്ന യെല്ലോ സ്പോട്ടുകളും പൊതുയിടങ്ങളിൽ തുപ്പുന്നതിനായി ഉപയോഗിക്കുന്ന റെഡ് സ്പോട്ടുകളും കണ്ടെത്തി ആ പ്രവണത പൊതുജനങ്ങളിൽ നിന്ന് ഒഴിവാക്കുന്നതിന് ആ പ്രദേശം വൃത്തിയാക്കി പൂച്ചെടികളും സസ്യലതാദികളും വെച്ചുപിടിപ്പിച്ച് സൗന്ദര്യവൽക്കരണം നടപ്പിലാക്കുക എന്നത്. ഇത് കൃത്യമായി നടപ്പിലാക്കി എന്നതിന് ഉത്തമ ഉദാഹരണങ്ങളാണ്



പ്രവർത്തനങ്ങളുടെ ഭാഗമായി ജി.എഫ്.സി. ഫൈവ്സ്റ്റാർ റേറ്റിംഗ് ലഭിക്കുന്നതിനായി എൻട്രി ലഭിച്ചിരിക്കുകയാണ്. ഗാർബേജ് ഫ്രീ സിറ്റി ഫൈവ് സ്റ്റാർ പദവി ലഭിക്കുന്നതിനായി കോർപ്പറേഷനിൽ 2024 ഡിസംബർ 1 മുതൽ എല്ലാ മേഖലയിലുമുള്ള ആളുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് ബോധവൽക്കരണ പ്രവർത്തനങ്ങൽ ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ പ്രധാനമാണ് കോർപ്പറേഷൻ പരിധിയിലുള്ള മാലിന്യം കുന്നുകൂടി കിടന്നിരുന്ന കൊക്കാലെ റെയിൽവെ സ്റ്റേഷനു സമീപം ഇത്തരത്തിൽ വൃത്തിഹീനമായിക്കിടന്നിരുന്ന സ്ഥലം വൃത്തിയാക്കി കണ്ണിനുകുളിർമ്മ നൽകുന്ന രീതിയിൽ മനോഹരമാക്കി ഇന്ന് (20.01.2025) രാവിലെ ആരോഗ്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ പി.കെ. ഷാജ്റ അധ്യക്ഷതയിൽ മേയർ എം.കെ. വർഗ്ഗീസ് ഉദ്ഘാടനം ചെയ്തത്. ഇത്തരത്തിലുള്ള ഗാർബേജ് ഫ്രീ കോർണറുകൾ കോർപ്പറേഷൻ ഓഫീസിന് സമീപം പോസ്റ്റോഫീസ് റോഡ് കോർണറിലും ചേറ്റുപുഴ പാലത്തിനു സമീപം സംസ്ഥാന പാതയുടെ വഴിയോരത്തും സോണലുകളിലെ വിവിധയിടങ്ങലിലും നടപ്പിലാക്കിയിട്ടുണ്ട്. കോർപ്പറേഷൻ പരിധിയിലെ ഗാർബേജ് ഫ്രീ റോഡായി അരണാട്ടുകര തോപ്പിൻ മൂല മുതൽ ലാലൂർ റോഡ് ഉൾപ്പെടെ ചേറ്റുപുഴ വരെ പ്രഖ്യാപിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കോർപ്പറേഷൻ പരിധിയിലെ റോഡുകളുടെ ഇരുവശവും കോൺക്രീറ്റ് ഡിവൈഡറുകളുടെ നടുവിലും പൂച്ചെടികൾ വെച്ചുപിടിപ്പിച്ച് മനോഹരമാക്കി വരുന്നുണ്ട്.

ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയാലും ഈ ഉദ്യമം പൂർണ്ണമായ വിജയം കൈവരിക്കണമെങ്കിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി കോർപ്പറേഷനിലെ മാലിന്യമുക്തഭവനമായി ഡിവിഷൻ 36ലെ നടുവിലാലിനു സമീപമുള്ള ജി.കെ. മേനോന്റെ ശ്രേയസ്സ് ഭവനവും ഡിവിഷൻ 12 ചെമ്പുക്കാവ് സ്വദേശിയായ റിട്ട. ഇറിഗേഷൻ എഞ്ചിനീയർ കെ.കെ. ലളിതയുടെ ഭവനവും കണ്ടെത്തുകയും സമ്മാനം നൽകുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം പൊതുജനങ്ങളും വ്യാപാരികളും തങ്ങളുടെ വീടിന് മുൻവശം വൃത്തിയാക്കി ചെടികൾ വെച്ചുപിടിപ്പിച്ച് പരിപാലിച്ച് പോരേണ്ടതാണെന്ന് മേയർ എം.കെ. വർഗ്ഗീസ് അറിയിച്ചു.

## ദർഘാസ് ക്ഷണിച്ചു

തൃശൂർ: ജില്ലാ സമഗ്ര മാനസികരോഗ്യ പരിപാടിയുടെ ഭാഗമായി അരണാട്ടുകരയിൽ പ്രവർത്തിക്കുന്ന വനിതകളുടെ പകൽ വീട്ടിലെ 20 പേർ വരുന്ന അന്തേവാസികൾക്ക് 2025 ഫെ.6 മുതൽ 2026 ജനുവരി 5വരെ ദിവസവും പ്രാതൽ, ഉച്ച ഭക്ഷണം, വൈകീട്ട് ചായ, സ്നാക്സ് എന്നിവ വിതരണം ചെയ്യുന്നതിന് സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും ദർഘാസ് ക്ഷണിച്ചു. ദർഘാസുകൾ ഫെ. 4ന് ഉച്ചക്ക് 2ന് മുമ്പ് ലഭിക്കണം. ഫോൺ: 0487 2385981



കാളത്തോട് പലസ്തീൻ ഐക്യദാർഢ്യ സമിതിയുടെ നേതൃത്വത്തിൽ പലസ്തീൻ-ഇസ്രേയിൽ യുദ്ധം അവസാനിപ്പിച്ചതിൽ സന്തോഷം പ്രകടിപ്പിച്ച് പുളിപറമ്പ് സെന്ററിൽ ആഹ്ലാദ പ്രകടനം നടത്തി. ലഡു വിതരണം നടത്തി. ശിവരാമൻ, യൂസഫ്, ബഷീർ, ഇബ്രാഹിം, ഷൈജു ബഷീർ, മുഹമ്മദ് ഇക്ബാൽ അസുറ, ബിജു എന്നിവർ നേതൃത്വം നൽകി.

## എസ്.എൻ ഡി.പി യോഗം യൂത്ത് മൂവ്മെന്റ് തൃശ്ശൂർ ജില്ലാ നേതൃയോഗം



തൃശൂർ: എസ്.എൻ.ഡി.പി യോഗം യൂത്ത് മൂവ്മെന്റ് തൃശ്ശൂർ ജില്ല നേതൃയോഗം കൊടകര യൂണിയൻ ഓഫീസിൽ വെച്ച് യോഗം കൗൺസിലറും യൂത്ത്മൂവ്മെന്റ് കേന്ദ്ര സമിതി ചെയർമാനുമായ പച്ചയിൽ സന്ദീപ് ഉദ്ഘാടനം ചെയ്തു. എസ്.എൻ ഡി.പി യോഗം യൂത്ത് മൂവ്മെന്റ് കേന്ദ്ര സമിതി വൈസ് പ്രസിഡന്റ് എൻ.വി.രഞ്ജിത്ത് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ ചെയർമാൻ അനൂപ് കെ ദിനേശൻ സ്വാഗതം പറഞ്ഞു. ജില്ലയിലെ 15 യൂണിയനിലെയും യൂത്ത് മൂവ്മെന്റ് ഭാരവാഹികൾ യോഗത്തിൽ പങ്കെടുത്തു.ചടങ്ങിൽ യൂത്ത് മൂവ്മെന്റ് കേന്ദ്ര സമിതി ജോയിന്റ് സെക്രട്ടറി ചിന്തുചന്ദ്രൻ,കേന്ദ്ര സമിതി അംഗം നിവിൻ ചെറാക്കുളം,സൈബർ സേന ജില്ലാ കൺവീനർ അഭിലാഷ് നെല്ലായി എന്നിവർ പ്രസംഗിച്ചു. യോഗത്തിന് കേന്ദ്ര സമിതി ജോയിന്റ് സെക്രട്ടറി ദിനിൽ മാധവ് നന്ദി രേഖപ്പെടുത്തി.

## ഗർഭാശയഗള ക്യാൻസർ പരിശോധന ക്യാമ്പ്



ഇരിഞ്ഞാലക്കുട: IMA വനിതാ വിഭാഗമായ ണകണ്ടട ന്റെ ആഭിമുഖ്യത്തിൽ ഇരിഞ്ഞാലക്കുട മെട്രോ ആശുപത്രിയിൽ വച്ച് ലയണസ് ക്ലബ്ബ് മെമ്പർമാർക്കും പൊതു ജനങ്ങൾക്കുമായി ഗർഭശയഗള ക്യാൻസർ സ്ക്രീനിങ്ങും പാപ്സ്മിയർ പരിശോധനയും നടത്തി. മെട്രോ ആശുപത്രി മാനേജിങ് ഡയറക്ടർ DR. M. R രാജീവ് ക്യാമ്പിന്റെ ഉൽഘാടനം നിർവഹിച്ചു. WIMA പ്രസിഡന്റ് ഡോ. മഞ്ജു, സെക്രട്ടറി ഡോ. റീജ, ഡോ. ഉഷാകുമാരി, ഡോ. ഹരീന്ദ്രനാദ്, ആശുപത്രി മാനേജർ മുരളി ദത്തൻ എന്നിവർ പ്രസംഗിച്ചു

# മുനയം പാലം എവിടെ? കേരള കോൺഗ്രസിന്റെ ബണ്ട് സമരം



കാട്ടൂർ മുനയം ബണ്ട് കം ബ്രിഡ്ജ് നിർമിക്കണമെന്നാവശ്യപ്പെട്ട് കേരള കോൺഗ്രസ് മണ്ഡലം കമ്മിറ്റി നടത്തിയ നിൽപ്പ് സമരം ഡെപ്യൂട്ടി ചെയർമാൻ തോമസ് ഉണ്ണിയാടൻ ഉദ്ഘാടനം ചെയ്യുന്നു.

കാട്ടൂർ: മുനയത്ത് റഗുലേറ്റർ കം ബ്രിഡ്ജ് നിർമിക്കാത്തതിൽ പ്രതിഷേധിച്ച് കേരള കോൺഗ്രസ് മണ്ഡലം കമ്മിറ്റി നേതാക്കൾ മുനയത്തെ താത്കാലിക ബണ്ടിൽ നിൽപ്പ് സമരം നടത്തി. പാലം നിർമാണത്തിന് ആവശ്യമായ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും ടെണ്ടർ നടപടി പൂർത്തീകരിക്കുകയും ചെയ്തിട്ട് എട്ടു വർഷത്തിലധികമായിട്ടും ബണ്ട് നിർമിക്കാതെ വർഷം തോറും താത്കാലിക ബണ്ട് നിർമാണം മാത്രാണ് നടക്കുന്നത്. നാടിനോടുള്ള അനീതിയും ജനങ്ങളോടുള്ള വെല്ലുവിളിയുമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. യു ഡി എഫ് സർക്കാരിന്റെ കാലത്ത് നടപടികൾ പൂർത്തീകരിച്ച ഈ പദ്ധതിയാണ് ഇപ്പോൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ ആയിരിക്കുന്നത്. പദ്ധതിയുടെ പൂർത്തീകരണം

ആവശ്യപ്പെട്ട് കേരള കോൺഗ്രസ് മണ്ഡലം കമ്മിറ്റി തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുന്ന പ്രക്ഷോഭ പരിപാടികളുടെ രണ്ടാം ഘട്ടമായാണ് നിൽപ്പ് സമരം സംഘടിപ്പിച്ചത്.

കാട്ടൂർ - താന്യം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മുനയം ബണ്ട് കം ബ്രിഡ്ജ് നിർമ്മിക്കുന്നത് വരെ കേരള കോൺഗ്രസ് സമരം നടത്തുമെന്ന് നിൽപ്പ് സമരം ഉദ്ഘാടനം ചെയ്ത് ഡെപ്യൂട്ടി ചെയർമാൻ തോമസ് ഉണ്ണിയാടൻ പറഞ്ഞു. പ്രസിഡന്റ് അഷറഫ് പാലിയത്താഴത്ത് അധ്യക്ഷത വഹിച്ചു.

സംസ്ഥാന സെക്രട്ടറി മിനി മോഹൻദാസ്, നിയോജക മണ്ഡലം പ്രസിഡന്റ് റോക്കി ആളൂക്കാരൻ, വൈസ് പ്രസിഡന്റ് കെ.സതീഷ്, മണ്ഡലം ഭാരവാഹികളായ എഡ്വേർഡ് ആന്റണി, ലിജോ ചാലിശ്ശേരി, അശോകൻ ഷാരടി, സി.ബി.മുജീബ് റഹ്മാൻ എന്നിവർ പ്രസംഗിച്ചു.

## സുകുമാർ അഴീക്കോട് ചരമവാർഷികം: സ്മാരക പ്രഭാഷണവും അനുസ്മരണ സമ്മേളനവും 23, 24 തീയതികളിൽ

തൃശൂർ: സാഹിത്യനിരൂപകനും സാമൂഹ്യവിമർശകനും പ്രഭാഷകനുമായ സുകുമാർ അഴീക്കോടിന്റെ 13-ാം ചരമവാർഷികത്തോടനുബന്ധിച്ച് സാഹിത്യ അക്കാദമി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. ജനുവരി 23-നു വൈകീട്ട് 5 മണിക്ക് സാഹിത്യ അക്കാദമി ഓഡിറ്റോറിയത്തിൽ 'ഇന്ത്യ: ബഹുസ്വരതയുടെ വേരുകൾ' എന്ന വിഷയത്തിൽ ഡോ. സുനിൽ പി. ഇളയിടം സുകുമാർ അഴീക്കോട് സ്മാരകപ്രഭാഷണം നടത്തും. അക്കാദമി സെക്രട്ടറി സി.പി. അബൂബക്കർ, വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ, നിർവാഹക സമിതി അംഗം വി.എസ്. ബിന്ദു തുടങ്ങിയവർ പങ്കെടുക്കും.

സുകുമാർ അഴീക്കോടിന്റെ ഓർമ്മദിനമായ ജനുവരി 24-നു രാവിലെ 10.30 ന് എരവിമംഗലത്തെ സുകുമാർ അഴീക്കോട് സ്മാരക മന്ദിരത്തിൽ പുഷ്പാർച്ചനയും അനുസ്മരണയോഗവും നടത്തും. അനുസ്മരണയോഗം റവന്യൂ വകുപ്പു മന്ത്രി കെ.രാജൻ ഉദ്ഘാടനം ചെയ്യും. ഡോ. പി.വി. കൃഷ്ണൻ നായർ അനുസ്മരണപ്രഭാഷണം നടത്തും.

സി.പി.അബൂബക്കർ, നടത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീവിദ്യ രാജേഷ്, വൈസ് പ്രസിഡന്റ് അഡ്വ. പി.ആർ. രജിത്ത്, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തംഗം ടി.കെ. അമൽറാം, നടത്തറ ഗ്രാമപഞ്ചായത്ത് മെമ്പർ കെ. ജെ. ജയൻ, നടുവം സത്യൻ തുടങ്ങിയവർ പങ്കെടുക്കും.

## വാർത്താച്ചുരുക്കം

- ഫോറം ഓഫ് അക്ഷയ സെന്റർ എന്റർപ്രണേഴ്സിന്റെ - അക്ഷയ അതിജീവന സമരം തിരുവനന്തപുരം ഐ ടി. മിഷൻ ഓഫീസിനു മുന്നിൽ നടന്നു
- തൃശൂർ ലിറ്ററി ഫോറം - ബഷീർ, വി.കെ.എൻ. സ്മൃതി സംഘടിപ്പിച്ചു. ചേറൂർ സാഹിതിയിലായിരുന്നു പരിപാടി.
- ശാസ്ത്ര സാഹിത്യ പ്രവർത്തകൻ പ്രൊഫ: സി ജെ.ശിവശങ്കരൻ സ്മൃതി 20-ന് 5 മണിക്ക് സാഹിത്യ അക്കാദമി ഹാളിൽ നടന്നു. മുൻ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ എസ്.വൈ.ഖുറൈഷി സ്മാരക പ്രഭാഷണം നടത്തി
- കേരള സംസ്ഥാന വ്യാപാരി വ്യവസായി സമിതിയുടെ സംസ്ഥാന ജാഥ തൃശൂർ ജില്ലയിൽ പര്യടനം നടത്തി.
- അയ്യന്തോൾ പുതൂർക്കര കുണ്ടൂർ ഭഗവതി ക്ഷേത്രത്തിൽ തോറ്റം പാട്ട് മഹോത്സവം 20 മുതൽ 23 വരെ നടക്കും

## കാറളത്ത് പാറക്കടവിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി



ഇരിങ്ങാലക്കുട : കാറളം പഞ്ചായത്തിൽ വാർഡ് രണ്ടിൽ ആലുക്കക്കടവ് പ്രദേശത്ത് കരുവന്നൂർ പുഴയോട് ചേർന്നുള്ള പാറക്കടവിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ജില്ലാ പഞ്ചായത്തിന്റെ 2023-24 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 16 ലക്ഷം രൂപ ചിലവഴിച്ചാണ് കടവ് പുനർനിർമ്മിച്ചത്. പുനർനിർമാണം നടത്തിയ പാറക്കടവ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. എസ് പ്രിൻസ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കാറളം പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു പ്രദീപ് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് സുനിൽ മാലാന്ത്ര, കേരള ഫീഡ്സ് ചെയർമാൻ കെ. ശ്രീകുമാർ, ബ്ലോക്ക് ഡിവിഷൻ മെമ്പർ മോഹനൻ വലിയാട്ടിൽ, കാറളം പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാന്മാർ, അംഗങ്ങൾ എന്നിവർ ആശംസകൾ നേർന്നു. അസിസ്റ്റന്റ് എഞ്ചിനീയർ ശുഭ പി വി റിപ്പോർട്ട്അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ ഷീല അജയഘോഷ് സ്വാഗതവും പഞ്ചായത്ത് സെക്രട്ടറി കെ കെ ഗ്രേസി നന്ദിയും പറഞ്ഞു


## NOTIFICATION

I, **SHANUJA JASMIN A V**, D/o.Abu M B, aged 29 years, Bavummal (H),Punnayur P O, Vadakkekad Via, Thrissur Dt, 679562 hereby inviting to the notice of the Public that my BA English Language and Literature Consolidate grade card of April 2016 with Reg.Nos: ARANAEG010 of University of Calicut has been irreco-verably lost during a travel and as such I intend to apply for the duplicate of BA English Language and Literature Consolidate grade card. If anybody happens to get the original may kindly send the same or intimate the undersigned of the University.

Certified that the aforesaid facts are absolutely true.

(Sd/-)
**SHANUJA JASMIN A V**

Place: Punnayur
Date : 21-01-2025


# യുവജന തൊഴിലാളികളോടുള്ള സംസ്ഥാന സർക്കാരിന്റെ വഞ്ചന അവസാനിപ്പിക്കുക: കാർത്തിക് ശശി




തൃശൂർ: സംസ്ഥാനത്തെ യുവജനങ്ങളോട്, തൊഴിൽ പ്രവർത്തന രംഗത്തും, തൊഴിൽ നൽകുന്നതിലും, മെച്ചപ്പെട്ട വേതനം നൽകുന്നതിലും സംസ്ഥാനത്തെ ഇടതുപക്ഷ സർക്കാർ കടുത്ത വഞ്ചനയാണ് തുടരുന്നതെന്ന് ഐഎൻടിയുസി യങ് വർക്കേഴ്സ് കൗൺസിൽ സംസ്ഥാന പ്രസിഡന്റ് കാർത്തിക് ശശി.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തിയാക്കിയും, സർക്കാർ -അർദ്ധ സർക്കാർ-പൊതുമേഖല-പൊതുമേഖലാ സ്ഥാപനങ്ങളിൽ എന്നിവിടങ്ങളിലേക്ക് യാതൊരു മാനദണ്ഡങ്ങളും ഇല്ലാതെ രാഷ്ട്രീയ താൽപര്യം മാത്രം മാനിച്ചുകൊണ്ട് നിയമനങ്ങൾ നടത്തിവരുന്നു.

തൊഴിൽ നൽകുമെന്ന് വാഗ്ദാനം നൽകി വർഷങ്ങളായി യുവജനങ്ങളെ കബടിപ്പിക്കുകയാണ് സംസ്ഥാന സർക്കാർ ചെയ്തുവരുന്നത്.

തൊഴിൽ മേഖലയിലെ എല്ലാ യുവജന തൊഴിലാളി സുഹൃത്തുക്കളെയും ഒന്നിച്ചണിനിരത്തിക്കൊണ്ട് വലിയൊരു പ്രക്ഷോഭത്തിന് സംഘടനാ മുൻകൈയെടുക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ഐഎൻടിയുസി തൃശ്ശൂർ ജില്ലാ കമ്മിറ്റി ഓഫീസിൽ നടന്ന യങ് വർക്കേഴ്സ് കൗൺസിൽ ജില്ലാതല നേതൃയോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

യങ് വർക്കേഴ്സ് കൗൺസിൽ ജില്ലാ പ്രസിഡന്റ് വിനീഷ് തണ്ടാശ്ശേരി അധ്യക്ഷത വഹിച്ച യോഗത്തിൽ, ഐഎൻടിയുസി സംസ്ഥാന ജനറൽ സെക്രട്ടറി വി.ജെ ജോസഫ്, ജില്ലാ പ്രസിഡന്റ് സുന്ദരൻ കുന്നത്തുള്ളി, ജില്ലാ ജനറൽ സെക്രട്ടറി വി എ ഷംസുദ്ദീൻ, സി എസ് അനൂപ്, പ്രവിത ഉണ്ണികൃഷ്ണൻ, സി ശിവപ്രസാദ്, അരുൺ പുത്തൻപുരയ്ക്കൽ, ഇ സി അയ്യപ്പദാസ് തുടങ്ങിയവർ സംസാരിച്ചു.

## യാര ഇന്ത്യ ഏലം കർഷകരെ ശാക്തീകരിക്കുന്നു

കൊച്ചി ഏലത്തിന്റെ 78% ഉൽപ്പാദനവും കേരളത്തിലെ മലയോര ജില്ലകളിൽ ആണുള്ളത്. തലമുറകളായി ഏലം കൃഷിയിലൂടെ ഇടുക്കിയിലെ കർഷകർ ഇന്ത്യയുടെ ആഗോള ആധിപത്യത്തിനും സുഗന്ധ വ്യഞ്ജന വിപണിയിൽ പ്രസക്തമായ സംഭാവനകൾ നൽകുന്നവരാണ്. എന്നാൽ, അടുത്തകാലത്തെ പ്രതിസന്ധികൾ ഇവരുടെ ജീവിതത്തിലേക്കും കൃഷിയിലേക്കും കടന്നു വന്നു. 122 ദിവസത്തെ കടുത്ത വരൾച്ചയെ തുടർന്നുണ്ടായ കനത്ത മഴയും കാറ്റും വിളയുടേയും മണ്ണിന്റെയും ഗുണനിലവാരം തകിടം മറിച്ചപ്പോൾ, കർഷകരുടെ പ്രതീക്ഷകൾ മങ്ങിത്തുടങ്ങി.

ഈ വെല്ലുവിളികൾക്കു മറുപടിയായാണ് യാര ഇന്ത്യയുടെ'സമീകൃത പോഷകാഹാര പദ്ധതികൾ' നടപ്പാക്കിയത്. എലചെടികളുടെ വളർച്ച മുരടിക്കുകയും പൂക്കൾ അടർന്നുവീഴുകയും വിളയുടെ ഗുണനിലവാരം തകരുകയും ചെയ്ത അവസ്ഥയിൽ, യാരാ വിറ്റ സിൻട്രാക്, യാരാ വിറ്റ ബോർട്രാക് തുടങ്ങിയ സമീകൃത പ്രയോഗങ്ങളിലൂടെ മണ്ണിലെ പോഷകങ്ങളുടെ അഭാവം പരിഹരിക്കുകയും, യാരാ വിറ്റ സ്റ്റോപ്പിറ്റ് ഉപയോഗിച്ച് കീട- രോഗ ബാധകൾ നിയന്ത്രിക്കുകയും ചെയ്തു.


## കോടതി പരസ്യം

**ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ**

OS: 487/2024

ധനിക നിധി -വാദി

1) മുകുന്ദപുരം താലൂക്ക്, വേളൂക്കര വില്ലേജ്, കല്ലംകുന്ന് ദേശത്ത്, കോടാക്കി സലീഷ് ഭാര്യ വിദ്യ

3) ടി ദേശത്ത് കോടാക്കി മോഹനൻ ഭാര്യ തങ്കമണി

-2, 3 പ്രതികൾ

മേൽ നമ്പറിലെ 2, 3 പ്രതികൾക്ക് സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു ആയത് പത്രപരസ്യം മുഖേന നടത്തുവാൻ കല്പിച്ച് കേസ് 22-01-2025 തിയ്യതിക്ക് വിചാരണക്ക് അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ നേരിട്ടോ അഡ്വക്കെറ്റ് മുഖേനയോ ഹാജരാവുകയോ ആക്ഷേപം ബോധിപ്പിക്കുകയോ ചെയ്യാത്തപക്ഷം കേസ് നിങ്ങളെ കൂടാതെ വിധിയാകുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 04-01-2025
വാദിഭാഗം അഡ്വക്കെറ്റ്
വി എ.സന്തോഷ്കുമാർ (ഒപ്പ്)


## ഏകദിന സെമിനാർ

തൃശ്ശൂർ: ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് വേണ്ടി പ്രവർത്തിക്കുന്ന അഡാപ്റ്റ് സൊസൈറ്റിയുടെ വെങ്ങിണിശ്ശേരിയിലെ സൗജന്യ പരിശീലന കേന്ദ്രത്തിൽ വെച്ച് 'ബൗദ്ധിക വെല്ലുവിളി നേരിടുന്നവരിലെ വൈവാഹിക ജീവിതം' എന്ന വിഷയത്തിൽ ഏകദിന സെമിനാർ നടത്തുന്നു. ഫെബ്രുവരി ഏഴിന് നടക്കുന്ന സൗജന്യ സെമിനാറിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ജനുവരി 30 നകം 8301074962 നമ്പറിൽ വിളിച്ച് റജിസ്റ്റർ ചെയ്യണം. ആദ്യം റജിസ്റ്റർ ചെയ്യുന്ന 75 രക്ഷിതാക്കൾക്കാണ് സെമിനാറിൽ പങ്കെടുക്കാൻ അവസരം.


**വരടിയം സർവ്വീസ് സഹകരണ ബാങ്ക് Ltd No. 575**
**H.O. വരടിയം, പി ഒ അവണൂർ, പിൻ – 680541**
**ഫോൺ: 2211232, 9288005065**

**ക്വട്ടേഷൻ നോട്ടീസ്**

ബാങ്കിന്റെ വരടിയത്തെ ഹെഡ് ഓഫീസിലും ബ്രാഞ്ചിലും CCTV System, Alarm എന്നിവ സ്ഥാപിക്കുന്നതിനായി അംഗീകൃത കമ്പനി/വിതരണക്കാരിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. പൂരിപ്പിച്ച ക്വട്ടേഷനുകൾ 27-01-2025 തിങ്കളാഴ്ച 4 P.M. നുള്ളിൽ ബാങ്കിന്റെ ഹെഡ് ഓഫീസിൽ ലഭിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഹെഡ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ആജ്ഞാനുസരണം
**സെക്രട്ടറി**


## ഇന്റസ് ടവേഴ്സ് കമ്പനിയുടെ മൊബൈൽ ടവറിലെ കേബിളുകൾ മോഷ്ടിച്ച പ്രതികളെ പിടികൂടി



കൊടുങ്ങല്ലൂർ: കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ നാരായണമംഗലം എന്ന പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള ഇൻറസ് ടവേഴ്സ് കമ്പനിയുടെ മൊബൈൽ ടവറിലെ കേബിളുകൾ 17/01/2025 തിയ്യതി മോഷണം നടത്തിയ കേസ്സിൽ പ്രതികളായ റാഷിദ് മൊണ്ടൽ, 2) മുഹമ്മദ് ഷൈദ്, എന്നിവരെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. കേബിളുകൾ മോഷണം പോയതിന് ശേഷം സമീപ പ്രദേശങ്ങളിലെ CCTV കൾ നോക്കിയും, സമീപവാസികളോട് ചോദിച്ചും അന്വേഷണം നടത്തിയതിനെ തുടർന്നാണ് ബംഗാൾ സ്വദേശികളായ ഇവരെ കളവിന് ഉപയോഗിച്ച പെട്ടി ഓട്ടോറിക്ഷ സഹിതം പിടികൂടാൻ സാധിച്ചത്.

പ്രതികൾ സമാന സ്വഭാവമുള്ള കളവുകൾ മറ്റ് സ്ഥലങ്ങളിൽ നടത്തിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി ഇവരെ കസ്റ്റഡിയിലെടുത്ത് അന്വേഷണം നടത്തുന്നതാണ്. പ്രതികളെ പിടികൂടിയത് കൊടുങ്ങല്ലൂർ ISHO അരുൺ ബി കെ, സബ്ബ് ഇൻസ്പെക്ടർ സാലിം, GSI ബാബു, പോലീസ് ഉദ്യോഗസ്ഥരായ ഗോപേഷ്, ഷിജിൻ നാഥ്, ഷെമീർ, വിഷ്ണു എന്നീ ഉദ്യോഗസ്ഥരടങ്ങുന്ന അന്വേഷണ സംഘമാണ്.

## കട തീപിടിച്ചു, അർഹതപ്പെട്ട ഇൻഷുറൻസ് തുക നൽകിയില്ല

# നടപടി ഏകപക്ഷീയവും നീതീകരിക്കാനാവാത്തതെന്ന് കോടതി, 459789 രൂപയും പലിശയും നൽകുവാൻ വിധി

തൃശൂർ: കട തീ പിടിച്ച്, അർഹതപ്പെട്ട ഇൻഷുറൻസ് തുക നൽകാതിരുന്നതിനെത്തുടർന്ന് ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാരന് അനുകൂലവിധി. ഒല്ലൂർ വെസ്റ്റ് ബസാറിലെ അതിയുന്തൻ വീട്ടിൽ ഷാജൻ.എ.പി. ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂർ വെസ്റ്റ് ഫോർട്ടിലെ ബജാജ് അലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് മാനേജർക്കെതിരെ ഇപ്രകാരം വിധിയായത്.ഷാജന്റെ ഒല്ലൂർ പള്ളിനടയിലുള്ള വെസ്റ്റേൺ ബസാറിലെ സെന്റ് റാഫേൽ സ്റ്റോർസ് ആണ് കത്തി നശിക്കുകയുണ്ടായതു. സ്റ്റേഷനറി, ബേക്കറി, ഫാൻസി ഉല്പന്നങ്ങൾ എന്നിവയാണ് കടയിൽ വില്പന നടത്തിയിരുന്നത്. ആറ് ലക്ഷം രൂപയായിരുന്നു ഇൻഷുറൻസ് പരിധി.എന്നാൽ അനുവദിക്കുകയുണ്ടായത് 160211 രൂപ മാത്രമാകുന്നു. തുടർന്ന് അർഹതപ്പെട്ട മുഴുവൻ സംഖ്യയും ലഭിക്കുന്നതിന് വേണ്ടി ഹർജി ഫയൽ ചെയ്യുകയായിരുന്നു. ഹർജിക്കാരന് സർവ്വേയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അർഹതപ്പെട്ട നഷ്ടം നൽകിയിട്ടുണ്ടെന്നായിരുന്നു ഇൻഷുറൻസ് കമ്പനിയുടെ വാദം.

എന്നാൽ തെളിവിലേക്കായി വാർഷിക വിറ്റുവരവ് പത്ത് ലക്ഷമാണെന്ന് കാണിക്കുന്ന മൂന്ന് വർഷക്കാലത്തെ ബാലൻസ് ഷീറ്റ് സമർപ്പിച്ചിരുന്നു. ഇൻഷുറൻസ് കമ്പനിയുടെ വാദം ഏകപക്ഷീയവും, നീതീകരിക്കാനാവാത്തതും പോളിസി നിബന്ധനകൾക്ക് വിരുദ്ധവുമാണെന്നും കോടതി വിലയിരുത്തി. തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്, ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃകോടതി ഹർജിക്കാരന് ബാക്കി ഇൻഷുറൻസ് തുക 439789 രൂപയും ആയതിന് 2014 ഒക്ടോബർ 1 മുതൽ 9 % പലിശയും നഷ്ടപരിഹാരമായി 10000 രൂപയും ചിലവിലേക്ക് 10000 രൂപയും നൽകുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.